## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5936 — 7.7.2014-ൽ മറുപടിക്ക്

### നഗരങ്ങളിൽ വൻകിട പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, സി. പി. മുഹമ്മദ്<br>,, റ്റി.എൻ. പ്രതാപൻ<br>,, ഷാഫി പറമ്പിൽ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) നഗരങ്ങളിൽ വൻകിട പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) (ബി) (സി) & (ഡി) ഉണ്ട്. സർക്കാർ പുതുതായി രൂപീകരിച്ച ക്ലീൻ കേരള കമ്പനി പ്രതിദിനം 5 ടൺ പ്ലാസ്റ്റിക് ഷ്രെഡ് ചെയ്യുന്നതിന് സാങ്കേതിക വൈദഗ്ദ്യം ഉള്ളവരിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചിരുന്നു. ഇതിൽ യോഗ്യത നേടിയ 3 കമ്പനികളെ ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ക്ലീൻ കേരള കമ്പനിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കുമോ ; | |
| (ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | |

സെക്ഷൻ ഓഫീസർ